**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1645 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ബഹു. എം.പി.ഇന്നസെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 1.25 കോടി രൂപയ്ക്ക് മാമോഗ്രാം യൂണിറ്റ്, 5 ഡയാലിസ്സിസ് മെഷീനുകൾ, ഐ.പി.ബ്ലോക്കിൽ ജനറേറ്റർ, അൾട്രാസൗണ്ട് സ്കാൻ എന്നിവ പ്രവർത്തനക്ഷമമാക്കി. 13th ഫിനാൻസ് കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് 30 ലക്ഷത്തിന് എക്സ്റെ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ട് 6.6 ലക്ഷം ഉപയോഗിച്ച് ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് ഈ മാസം പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതു കൂടാതെ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പെയിൻ & പാലിയേറ്റീവ്, ഫിസിയോതെറാപ്പി യൂണിറ്റ് (3 ലക്ഷം) എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽമേൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ചാലക്കുടി താലൂക്കാശുപത്രിയിൽ വേയ്സ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂഡി ബിൽഡിംഗ് ഡിവിഷൻ തൃശ്ശൂർ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വ്യക്തമായ ശുപാർശ ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ